**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1932** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കായിക വകുപ്പിന് കീഴിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ഇടവ തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയത്തിന്റെ ശേഷിക്കുന്ന പ്രവർത്തികളുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ 22.02.2024 തീയതിയിലെ സ.ഉ.(സാധാ)നം.56/2024/S&YA പ്രകാരം ചുമതലപ്പെടുത്തി. ടി പ്രവർത്തിയുമായി ബന്ധപ്പെട്ട രേഖകൾ മുൻ എസ്.പി.വി ആയ കിറ്റ്കോ കൈമാറുന്നതിൽ കാലതാമസം നേരിട്ടപ്പോൾ കായിക വകുപ്പ് മന്ത്രി, ബഹു. വർക്കല നിയോജകമണ്ഡലം MLA, കായിക യുവജനകാര്യ ഡയറക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ ഒന്നിലധികം യോഗങ്ങളിൽ ആവശ്യമായ രേഖകൾ SKF-ന് അടിയന്തിരമായി കൈമാറാൻ കിറ്റ്കോയോട് ആവശ്യപ്പെടുകയും ഭാഗികമായി രേഖകൾ കൈമാറുകയും ചെയ്തു. മുൻ കോൺട്രാക്ടറുമായി foreclosure agreement നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾക്കായി കിറ്റ്കോ ഇതിനകം ടെൻഡർ വിളിച്ചിരുന്നു. ആയതിന്റെ ബിഡ് രേഖകൾ എസ്.കെ.എഫ്-ന് കൈമാറുകയും ബിഡുകൾ വിലയിരുത്താൻ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി കൂടുകയും, L1 ബിഡിനെ തിരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ KIIFB യുടെ PFMS പോർട്ടലിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം, തുടർ നടപടികൾക്ക് കാലതാമസം ഉണ്ടായി. ആയത് പരിഹരിച്ച് കഴിഞ്ഞാൽ, L1 ബിഡർക്ക് വർക്ക് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | കിഫ്ബിയിൽ ഈ വിഷയം ചർച്ച ചെയ്യുകയും പ്രവൃത്തിയിൽ കാലതാമസം ഉണ്ടാകാതിരിക്കുവാൻ പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾക്കായി പുതിയ സബ് പ്രോജക്ട് പി.എഫ്.എം.എസ് |

| | | | |
|---|---|---|---|
| | | | പോർട്ടലിൽ തുടങ്ങുവാൻ കിഫ്ബി നിർദ്ദേശിക്കുകയും, തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ പി.എഫ്.എം.എസ് പോർട്ടലിൽ 30.08.2024-ന് പുതിയ സബ് പ്രോജക്ട് ആരംഭിക്കുകയും എസ്റ്റിമേറ്റും അനുബന്ധ ഡ്രോയിംഗും അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സബ് പ്രോജക്ടിനുള്ള അംഗീകാരവും Unique LoA ID യും ലഭ്യമാകുന്നതിനനുസിച്ച് പ്രവൃത്തി കാലതാമസം കൂടാതെ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ